**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **11-02-2025 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ താലൂക്കിലെ ഭൂഗർഭ ജലവിതാനത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; അത് മോസ്റ്റ് ക്രിട്ടിക്കൽ വിഭാഗത്തിൽപ്പെട്ട സ്ഥലമാണോ; | (എ) | **കേന്ദ്ര ഭൂജല ബോർഡ് പ്രസിദ്ധീകരിച്ച dynamic Resources of kerala 2023 ബ്ലോക്ക് അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പ്രകാരം ചിറ്റൂർ ബ്ലോക്ക് ക്രിട്ടിക്കൽ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ചിറ്റൂർ ബ്ലോക്കിൽ 8 തദ്ദേശ സ്ഥാപനങ്ങളാണ് ഉള്ളത്(പെരുമാട്ടി,കൊഴിഞ്ഞാമ്പാറ,നല്ലേപ്പിള്ളി,എരുത്തേമ്പതി,വടകരപ്പതി,എലപ്പുള്ളി,ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റി) ഈ ബ്ലോക്കിന്റെ സ്റ്റേജ് ഓഫ് ഗ്രൗണ്ട് വാട്ടർ എക്സ്ട്രാക്ഷൻ 98.28 ശതമാനമാണ്.** |
| (ബി) | പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | **പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖല മഴനിഴൽ പ്രദേശം ആണ്.** |
| (സി) | ജലദൗർലഭ്യം കാരണം പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയും പുതുശ്ശേരിയിൽ പെപ്സികോള കമ്പനിയും പൂട്ടണം എന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടുത്തെ ഇപ്പോഴത്തെ ജലവിതരണം എപ്രകാരമാണ്; വിശദമാക്കുമോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് ഭൂജല വകുപ്പ് വഴി ജല വിതരണം നടത്തുന്നില്ല. എന്നാൽ**<br><br>**പ്ലാച്ചിമട പ്രദേശം ഉൾപ്പെടുന്ന പെരുമാട്ടി പഞ്ചായത്തിലേക്ക് WSS to Elappully, Nalleppully, Perumatty and Pattanchery എന്ന സ്കീമിൽ നിന്നും പുതുശ്ശേരി പഞ്ചായത്തിലേക്ക് RWSS to Pudussery എന്ന സ്കീമിൽ നിന്നും കേരള വാട്ടർ അതോറിറ്റി നിലവിൽ കുടിവെള്ളവിതരണം നടത്തിവരുന്നു.** |

സെക്ഷൻ ഓഫീസർ